പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2619 — 19/07/2011 - ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ സ്റ്റുഡൻസ് പോലീസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് : | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകളിലാണ് സ്റ്റുഡൻസ് പോലീസ് സംവിധാനം ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ; | (എ) 4 സർക്കാർ സ്കൂളുകളിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റ് സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ട്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (ബി) ജാഗരൂകവും, സമാധാനപരവും, വികസനോന്മുഖവുമായ ഒരു സമൂഹസൃഷ്ടിക്കായി അച്ച ടക്കം, ഉത്തരവാദിത്ത ബോധം, സാമൂഹ്യ പ്രതിബദ്ധത, സേവന സന്നദ്ധത തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തി പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥി കർമ്മ സേനയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്.<br>1. നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.<br>2. വിദ്യാർത്ഥികളിൽ പൗര ബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീ ക്ഷണപാടവം, നേതൃത്വശേഷി, സാഹസികമനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക. |

3. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവിസ്നേഹവും വളർത്തുക.

4. സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിയ്ക്കാനും പ്രവർത്തിയ്ക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.

5. ആഭ്യന്തര സുരക്ഷ, കുറ്റകൃത്യനിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യസേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിയ്ക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

6. എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യസേവന വിഭാഗമായി വളർത്തുക

7. വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം പരിസ്ഥിതിസംരക്ഷണബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക.

8. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക

9. സ്വഭാവശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക

| | |
|---|---|
| | 10. സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിയ്ക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ |
| (സി) പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) പദ്ധതി നിലവിലുള്ള വിദ്യാലയങ്ങളിൽ ഓരോ ബാച്ച് കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ